(2) കണ്ണൂർ ജില്ലയിലെ ടാഗോർ വിദ്യാനികേതൻ ഹയർ സെക്കന്ററി സ്കൂൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, കേരളത്തിൽ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനമാണ് കണ്ണൂർ ജില്ലയിലെ ടാഗോർ വിദ്യാനികേതൻ ഹയർ സെക്കന്ററി സ്ക്കൂൾ. ആ സ്കൂളിന്റെ ഇന്നത്തെ നില അതീവ ദയനീയമാണ് പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കാൻ യാതൊരു സാഹചര്യവുമില്ലാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. കെട്ടിടങ്ങൾ പുതുതായി നിർമ്മിക്കുകയും അറ്റകുറ്റപണികൾ നടത്തുകയും ചെയ്യണം അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിനോ ജില്ലാ പഞ്ചായത്തിനോ ഇതിൽ ഇടപെടാൻ സാധിക്കാത്ത നിലയും ഇപ്പോഴുണ്ടായിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കി ഗവൺമെന്റിലേയ്ക്ക് അയച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തിര നടപടിയെടുക്കുന്നതിന് ഗവൺമെന്റും വിദ്യാഭ്യാസവകുപ്പും ശ്രദ്ധിക്കണം. ഇപ്പോൾ ആ സ്കൂൾ രജത ജൂബിലി ആഘോഷിക്കുകയാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ കേരളത്തിലെ ഏറ്റവും പ്രസിദ്ധമായ മാതൃകാപരമായ വിദ്യാഭ്യാസം നടക്കുന്ന എല്ലാവിഭാഗത്തിലും പ്രത്യേകിച്ച് പാവപ്പെട്ടവർ ഉൾപ്പെടെയുള്ള കുട്ടികൾക്ക് നല്ല നിലയിൽ വിദ്യാഭ്യാസം നടത്താൻ സാധിക്കുന്ന ടാഗോർ വിദ്യാനികേതൻ ഹയർ സെക്കന്ററി സ്കൂളിനെ കേരളത്തിലെ മാതൃകാ സ്ഥാപനമാക്കി ഉയർത്തിക്കൊണ്ടുവരുന്നതിന് ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ. ജോസഫ്) : കണ്ണൂർ ജില്ലയിലെ പ്രശസ്തമായ ടാഗോർ വിദ്യാനികേതൻ ഹയർ സെക്കന്ററി സ്കൂളിന്റെ കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത്. അവിടെ പ്ലസ്ടു അനുവദിക്കുകയുണ്ടായി. സയൻസ് ഗ്രൂപ്പിൽ 50 വിദ്യാർത്ഥികൾ വീതമുള്ള രണ്ടു ബാച്ചുകളും ഹ്യൂമാനിറ്റീസിന്റെ ഒരു ബാച്ചുമാണുള്ളത്. ഇവിടെ ഗവൺമെന്റ് മറ്റു സ്ക്കൂളുകൾക്കു നൽകിയതുപോലെ 1998-99-ൽ ലബോറട്ടറി വികസനത്തിന് 1,21,610 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പാഠപുസ്തകം വാങ്ങുന്നതിന് 3,900 രൂപയും നൽകുകയുണ്ടായി. 1999-2000 വർഷത്തിൽ ലബോറട്ടറി വികസനത്തിന് ഒരുലക്ഷം രൂപയും ലൈബ്രറി പുസ്തകങ്ങൾ വാങ്ങാൻ 30,000 രൂപയും അനുവദിച്ചിട്ടുണ്ട്. സ്കൂൾ കെട്ടിടം പണിയുന്നതിനുള്ള തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പ്രസ്തുത ആവശ്യത്തിനുള്ള തുക അനുവദിക്കാൻ ഡയറക്ടറേറ്റിന് നിർവ്വാഹമില്ല. തിരുവനന്തപുരം കോർപ്പറേഷനുള്ളിൽ ഹയർ സെക്കന്ററിക്കു വേണ്ടിയുള്ള പ്രത്യേക ബ്ലോക്കുകൾ കോർപ്പറേഷൻ തന്നെ നിർമ്മിച്ചിട്ടുണ്ട്. അതുകൊണ്ട് പി.ടി.എ.യും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് വേണം ഇതു നിർമ്മിക്കാൻ. സ്കൂൾ വിദ്യാഭ്യാസം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത പശ്ചാത്തലത്തിൽ പൊതുമരാമത്ത് വകുപ്പിന് തുക മുടക്കി കെട്ടിടങ്ങൾ നിർമ്മിക്കാൻ നിവൃത്തിയില്ല. ഇവിടെ ഒരനുഭവമുണ്ടായി. പെരുമഴയത്ത് ഓല ഷെഡ് വീണുപോയത് പി.ഡബ്ല്യു.ഡി. അടിയന്തിരമായി കെട്ടിച്ചു പക്ഷെ പി.ഡബ്ല്യു.ഡി ക്ക് പൈസ കൊടുക്കാൻ നിവൃത്തിയില്ലെന്നു പറഞ്ഞ് തീരുമാനമുണ്ടായി. ഗവൺമെന്റിന് നേരിട്ട് കെട്ടിടങ്ങൾ കെട്ടിക്കാൻ കഴിയുകയില്ല. അത് മറ്റ് ഹൈസ്ക്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതുപോലെതന്നെ പ്രത്യേക ബ്ലോക്ക് നിർമ്മിക്കുകയേ നിവൃത്തിയുള്ളു. പി.ടി.എ. കെട്ടിടം നിർമ്മിക്കാൻ സഹകരിച്ചിട്ടുണ്ട്. പി.ടി.എ.യും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന്

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ പകുതി തുക വീതംമാത്രമേ ആകുകയുള്ളൂ ഞാൻ അത്തരം ഒട്ടേറെ കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്യുകയുണ്ടായി. ജനങ്ങൾക്ക് വളരെ അംഗീകാരമുള്ള സ്ഥാപനമെന്ന നിലയിൽ ഇത്തരത്തിൽ ആലോചന നടത്തുന്നത് നന്നായിരിക്കും.

ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി

മി. സ്പീക്കർ : കാളിംഗ് അറ്റൻഷനുള്ള മറുപടി "കേന്ദ്ര വ്യാവസായിക നയം മൂലം സംസ്ഥാനത്തുള്ള കയർവ്യവസായം നേരിടുന്ന ബുദ്ധിമുട്ടുകൾ"

(ശ്രീ. ആനത്തലവട്ടം ആനന്ദൻ ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി)

വ്യവസായവും സാമൂഹികക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, വളരെ ഗൗരവമായ, ഏതാണ്ട് പത്തിരുപത്തിയഞ്ച് ലക്ഷം ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നമാണ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചിരിക്കുന്നത്. 1979-ൽ കയർ എക്സ്പോർട്ടർമാർ തമ്മിലുള്ള വൻപിച്ച കഴുത്തറപ്പൻ മത്സരത്തിന്റെ ഫലമായി ഇടത്തരം ഉൽപ്പാദകരും മറ്റുള്ളവരും പ്രക്ഷോഭണം നടത്തിയതിന്റെ ഫലമായിട്ടാണ് കേന്ദ്ര ഗവൺമെന്റ് മിനിമം എക്സ്പോർട്ട് പ്രൈസ് ഏർപ്പെടുത്തിയത്. 1995-ൽ കേന്ദ്ര ഗവൺമെന്റ് മിനിമം എക്സ്പോർട്ട് പ്രൈസും പർച്ചേസ് പ്രൈസും വർദ്ധിപ്പിക്കണമെന്ന സംസ്ഥാനഗവൺമെന്റിന്റെ ആവശ്യം കേന്ദ്രഗവൺമെന്റ് അവഗണിച്ച് 1997-ൽ മിനിമം എക്സ്പോർട്ട് പ്രൈസിൽ പതിമൂന്നര ശതമാനം വർദ്ധനവ് വരുത്തിയെങ്കിലും കേന്ദ്ര ഗവൺമെന്റ് അത് അംഗീകരിക്കുകയുണ്ടായില്ല. 1995-ൽ ഉണ്ടായിരുന്ന മിനിമം എക്സ്പോർട്ട് പ്രൈസാണ് ഇപ്പോൾ നിലവിലുള്ളത്. എന്നു മാത്രമല്ല. ചെറുകിട ഉൽപ്പാദകരെ വളരെ ദോഷകരമായി ബാധിക്കുന്ന ഒരു കാര്യമാണ്. ഇപ്പോഴുള്ള പർച്ചേസ് പ്രൈസ് കൂടുതൽ എൻഫോഴ്സ് ചെയ്യാൻ കയർബോർഡിനു കഴിയുന്നില്ല എന്നു മാത്രമല്ല വില പുതുക്കി നിശ്ചയിക്കാനും കഴിയുന്നില്ല. പക്ഷെ അതിൽ ഒരു അർത്ഥവുമില്ല. കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ ഞങ്ങൾ വളരെ ശക്തമായി എക്സ്പോർട്ട് പ്രൈസ് മിനിമം പ്രൈസ് എടുത്തുകളയുവാൻ പാടില്ലെന്ന് നിരവധി പ്രാവശ്യം പ്രധാനമന്ത്രിക്ക് കത്തെഴുതി. മന്ത്രിമാരെകണ്ട് സംസാരിച്ചു. നമ്മുടെ എം.പി.മാരോട് ഈ കാര്യം ബോധ്യപ്പെടുത്തി. ഈ സംസ്ഥാനത്തെ മുഴുവൻ എം.പി.മാരും ഒന്നിച്ചുചേർന്ന് ഇത് എടുത്തുകളയരുതെന്ന് പറഞ്ഞു. പക്ഷെ കേന്ദ്ര ഗവൺമെന്റ് നാലഞ്ച് വലിയ എക്സ്പോർട്ടർമാരെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാനഗവൺമെന്റിന്റെ ആവശ്യം അഗീകരിക്കാതിരിക്കുകയാണ്. അതു കൂടാതെ ഇപ്പോൾ വളർന്നുവരുന്ന ഒരു മേഖലയാണ് ജിയോ ടെക്സ്റ്റൈയിൽസ്. കയറിന്റെ വലപ്പായ മണ്ണിടിയുന്നത് തടയുവാനും റോഡ് നിർമ്മാണത്തിനും ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. അതിന്റെ എക്സ്പോർട്ട് വർദ്ധിച്ചുവരുകയാണ്. അതിന് ഇപ്പോൾ മിനിമം പ്രൈസ് നിശ്ചയിച്ചിട്ടില്ല. അതിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. അതു കൂടാതെ യന്ത്രവൽക്കരണത്തിൽ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾക്ക് മിനിമം എക്സ്പോർട്ട് പ്രൈസ് ഇല്ലാതാക്കിയിരിക്കുകയാണ്. Embellishment എടുത്തുകളഞ്ഞുകഴിഞ്ഞാൽ, പിന്നെ വരുന്ന വില വളരെ തുച്ഛമായിരിക്കും. 1995 ലെ വിലയാണ്. 1997-ൽ നിശ്ചയിച്ചവില ഇന്നില്ല. ഏതെങ്കിലും സാധനങ്ങൾക്ക് ലോകത്ത് 1995-ലെ വില ഇന്ന് നൽകുവാൻ കഴിയുമോ? ഏക

LIBRARY ARCHIVES Kerala Legislative Assembly